**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1714** **13-02-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം മഹാരാജാസ് കോളേജിന്റെ ഓട്ടോണമസ് പദവി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മഹാരാജാസ് കോളേജിന് നിലവിൽ ഓട്ടോണമസ് പദവി ഉണ്ടോ; ഏതു വർഷം വരെയാണ് പ്രസ്തുത പദവി ഉണ്ടായിരുന്നത്; ആയതിനുള്ള തുടർ അംഗീകാരം ലഭിക്കാതിരിക്കാൻ കാരണമെന്താണ്; വിശദമാക്കാമോ; | (എ) | **എറണാകുളം മഹാരാജാസ് കോളേജിന് 2014-15 അക്കാദമിക വർഷം മുതൽ 2019-20 വരെയാണ് യുജിസി സ്വയംഭരണ പദവി അനുവദിച്ചിരുന്നത്. സ്വയംഭരണ പദവി പുതുക്കി ലഭിക്കുന്നതിന് പ്രസ്തുത കോളേജ് യു.ജി.സി മുമ്പാകെ അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ച് കൊണ്ടോ നിരസിച്ച് കൊണ്ടോ യുജിസി യിൽ നിന്നും അറിയിപ്പ് സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല.** |
| (ബി) | എം.ജി. സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എത്ര ഓട്ടോണമസ് കോളേജുകൾ നിലവിലുണ്ട്; പ്രസ്തുത കോളേജുകൾക്ക് ഓട്ടോണമസ് പദവിയ്ക്കുള്ള തുടർ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (ബി) | **മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള പതിനാറ് സ്വയംഭരണ കലാലയങ്ങൾ ഉണ്ട്. പ്രാരംഭമായി സ്വയംഭരണ പദവി അനുവദിക്കപ്പെട്ടതും കാലാവധി പൂർത്തിയാക്കിയതുമായ നാല് കലാലയങ്ങൾക്ക് സ്വയംഭരണ പദവിക്കുള്ള തുടർ അംഗീകാരം യു.ജി.സി യിൽ നിന്നും ലഭിച്ചിട്ടുണ്ട്.** |
| (സി) | മഹാരാജാസ് കോളേജ് കഴിഞ്ഞ അഞ്ച് വർഷമായി ഓട്ടോണമസ് പദവിക്കുള്ള തുടർ അംഗീകാരം ലഭിക്കാതെ പ്രവർത്തിക്കുന്നത് ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലമാണെന്ന് വിശദമാക്കാമോ? | (സി) | **എറണാകുളം മഹാരാജാസ് കോളേജിന്റെ സ്വയംഭരണ പദവിയുടെ തുടർ അംഗീകാരത്തിനുള്ള അപേക്ഷ യു.ജി.സിയുടെ പരിഗണനയിലാണ്. തുടർ അംഗീകാരത്തിനായുള്ള അപേക്ഷ നിരസിച്ച് കൊണ്ടുള്ള അറിയിപ്പ് യുജിസിയിൽ നിന്നും ലഭിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ